വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

220 (2458) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തനങ്ങളിൽ ലാഭവും നഷ്ടവും വരുത്തിയ കമ്പനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) 2010-11 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം തുടർന്നു വരുന്ന വർഷങ്ങളിൽ നഷ്ടമുണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനം ലാഭത്തിൽ ആയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം പ്രവർത്തനം നിർത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയും പ്രസ്തുത സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനത്തിന്റെ വിവരവും അനുബന്ധം ആയി ചേർക്കുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12 മുതൽ 2013-14 വരെ കാലയളവിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 2010-11-ൽ ലാഭവും പിന്നെയുള്ള വർഷങ്ങളിൽ നഷ്ടവും രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. 2010-11-ൽ നഷ്ടത്തിലായിരുന്ന Travancore-Cochin Chemicals Ltd., 2011-12, 2012-13 എന്നീ കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്.
2. 2010-11-ൽ നഷ്ടത്തിലായിരുന്ന Travancore Cements Ltd, 2012-13-ൽ ലാഭമുണ്ടാക്കി.
3. 2010-11-ൽ നഷ്ടത്തിലായിരുന്ന Kerala State Cashew Workers Apex Industrial Co-operative Society Ltd. (CAPEX) 2013-14-ൽ ലാഭമുണ്ടാക്കി.

(ഇ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ വർഷങ്ങളായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. Keltron Counters Ltd – Non-operational since 2002
2. Keltron Power Devices Ltd – Operations stopped in 2001
3. Keltron Rectifiers Ltd–Operations stopped in 2003 based on BIFR decision.
4. Kerala State Detergents & Chemicals Ltd – Non-operational since 2002.
5. Astral Watches Ltd – Non-operational since 2002
6. Kerala Garments Ltd – Non-operational since 2007
7. Kerala Special Refractories Ltd – Operations stoped in 2000
8. Sidkel Television Ltd. - Operations stopped in 2001

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly